**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 230** **02-08-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | എ) പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്ന വിവിധ ക്ഷേമ ബോർഡുകൾ വഴി ടി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്കായി അർഹതയ്ക്കനുസരിച്ച് റിട്ടയർമെന്റാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാസഹായം, മരണാനന്തരാനുകൂല്യം, അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ, എന്നീ ആനുകൂല്യങ്ങളും കൂടാതെ വിവാഹം, വീട് നിർമ്മാണം, സ്വയംതൊഴിൽ ചെയ്യൽ എന്നിവയ്ക്കുള്ള വായ്പാ ധനസഹായവും നൽകി വരുന്നുണ്ട്. കൂടാതെ ബോർഡുകൾ വഴി സർക്കാർ സഹായത്തോടെയും തനത് ഫണ്ട് വഴിയും ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കായി എല്ലാ മാസവും പെൻഷൻ നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ വിപുലീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പല ബോർഡുകളും തൊഴിലാളികൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിച്ചും പുതിയ ആനുകൂല്യങ്ങൾ കൂട്ടിച്ചേർത്തും നടപ്പിലാക്കി വരുന്നുണ്ട്. മറ്റ് പല ബോർഡുകളും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ബോർഡ് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ക്ഷേമ പദ്ധതികൾ വിപുലീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുമാണ്. |
| (സി) | പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കായി കേന്ദ്ര സഹായ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ | (സി) | സി) പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്കായി കേന്ദ്ര സഹായ പദ്ധതികൾ ഒന്നും നിലവിലില്ല. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | |
| (ഡി) | കോവിഡ് കാലത്ത് പ്രതിസന്ധിയിലായ പ്രസ്തുത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഡി) കോവിഡ് 19-ന്റെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കായി സർക്കാരും ബോർഡുകളും പ്രഖ്യാപിച്ച ധനസഹായം വിതരണം ചെയ്തിരുന്നു. ധനകമ്മിയുള്ള ബോർഡുകൾ സർക്കാർ സഹായത്തോടെ 1000/- രൂപ മുതൽ 3000/- രൂപ വരെയും സാമ്പത്തിക ഭദ്രതയുള്ള ബോർഡുകൾ തനത് ഫണ്ട് മുഖേന 1000/- രൂപ മുതൽ 5000/- രൂപ വരെയും കോവിഡ്19-ന്റെ ഒന്നാം ഘട്ടത്തിൽ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കായി വിതരണം ചെയ്തിരുന്നു. നിലവിൽ കോവിഡ്.19-ന്റെ രണ്ടാം തരംഗം സംജാതമായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്കായി സർക്കാർ അനുവദിച്ചിട്ടുള്ള 1,000/- രൂപ ധനസഹായം ബോർഡുകൾ മുഖേന നൽകി വരുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ